**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 778** **08-10-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പൂർത്തീകരിച്ച പ്രവൃത്തികളും ഇനി അവശേഷിക്കുന്ന പ്രവൃത്തികളും എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരിച്ച പ്രവൃത്തികളും ഇനി അവശേഷിക്കുന്ന പ്രവൃത്തികളും അനുബന്ധമായി ചേർക്കുന്നു.<br><br>തുറമുഖത്തിനായുള്ള 220KV സബ്സ്റ്റേഷൻ, 33KV സബ്സ്റ്റേഷൻ, പോർട്ട് ഓപ്പറേഷൻ കെട്ടിടം, ഗേറ്റ് കോംപ്ലക്സ്, സെക്യൂരിറ്റി ബിൽഡിംഗ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് . |
| (ബി) | തുറമുഖം പ്രവർത്തനസജ്ജമാകുന്നതോടുകൂടി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനം സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിൽ കാര്യമായ പങ്ക് വഹിക്കും. തുറമുഖ വികസനവും തുറമുഖാധിഷ്ഠിത മറ്റ് വ്യവസായ വാണിജ്യ സംരംഭങ്ങളും കേരളത്തിന്റെ സാമ്പത്തിക മുന്നേറ്റത്തിനും അതുവഴി നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.<br><br>വിഴിഞ്ഞം തുറമുഖത്തിന്റെ സ്ഥാനം അന്താരാഷ്ട്ര കപ്പൽച്ചാലിനടുത്തായതിനാൽ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾക്ക് വരെ വിഴിഞ്ഞം തുറമുഖത്തിൽ ട്രാൻസ്ഷിപ്പ്മെന്റ് നടത്തുവാൻ സാധിക്കുന്നതിലൂടെ മുമ്പ് ഇന്ത്യയ്ക്ക് ഉണ്ടായിക്കൊണ്ടിരുന്ന സാമ്പത്തിക നഷ്ടം വളരെയധികം കുറയ്ക്കുവാൻ കഴിയുന്നതാണ്.<br><br>ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റോഡ് - റെയിൽ കണക്ടിവിറ്റി ഒരുക്കുന്നതിലൂടെ തുറമുഖം വഴിയുള്ള ഗേറ്റ് വേ ചരക്ക് ഗതാഗതം വർദ്ധിക്കുകയും കേരളത്തിന്റെയും സമീപ സംസ്ഥാനങ്ങളിലേയും ഹിന്റർലാന്റിൽ നിന്നുമുള്ള കണ്ടെയ്നർ/ ചരക്ക് ഗതാഗതം സാധ്യമാകുന്നതിലൂടെ ലോജിസ്റ്റിക്സ് ചെലവ് സാരമായി കുറയുകയും അതുവഴി |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന് സാമ്പത്തിക നേട്ടം കൈവരിക്കാൻ സാധിക്കുന്നതുമാണ്.<br><br>റോഡ്-റെയിൽ മാർഗ്ഗങ്ങളിലൂടെയുള്ള ചരക്കു നീക്കം കേരളമുൾപ്പെടെയുള്ള തെക്കൻ സംസ്ഥാനങ്ങളിൽ വ്യവസായിക ഇടനാഴികളുടെ വളർച്ചയ്ക്കും വികസനങ്ങൾക്കും ഉത്തേജനം നൽകുന്നതാണ്. ഇതിലൂടെ കേരളത്തിന് വമ്പിച്ച രീതിയിലുള്ള തൊഴിൽ സാദ്ധ്യതകളും വരുമാന വർദ്ധനവും ലഭ്യമാകുന്നതാണ്. ഇത്തരത്തിലുള്ള ചരക്കു നീക്കം പ്രാവർത്തികമാകുന്നതോടു കൂടി കേരളത്തിലെ ചെറുകിട വ്യവസായങ്ങളായ കരകൗശലം, ഫർണിച്ചർ നിർമ്മാണം, ടെക്സ്റ്റൈൽസ്, കാർഷിക മേഖല, മത്സ്യബന്ധനം തുടങ്ങിയവയിൽ അനുബന്ധ വിപണി സാന്നിദ്ധ്യം മൂലം വൻ പുരോഗതിയും തൊഴിലവസരങ്ങളും നേട്ടങ്ങളും കൈവരുന്നതാണ്.<br><br>വിഴിഞ്ഞം തുറമുഖത്തിന്റെ വരവോടു കൂടി കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ഇറക്കുമതി ചെയ്യുവാനുള്ള സാദ്ധ്യതകൾ മുൻ നിർത്തി നിർമ്മാണ മേഖലയിലും വൻ പുരോഗതി പ്രതീക്ഷിക്കുന്നു. ദുബായ്, സിംഗപ്പൂർ മുതലായ തുറമുഖങ്ങൾക്കനുബന്ധമായി ഉണ്ടായിട്ടുള്ള നിർമ്മാണക്കുതിപ്പ് ഇതാണ് സൂചിപ്പിക്കുന്നത്. എല്ലാ അന്താരാഷ്ട്ര തുറമുഖങ്ങൾക്കനുബന്ധമായും വ്യവസായികവും തൊഴിൽപരവും നിർമ്മാണപരവുമായ ഉണർവ്വുണ്ടാവുകയും അതുവഴി സമീപമേഖലയിലെ സാധാരണക്കാരുടെയുൾപ്പെടെ ജീവിത സാഹചര്യം വൻ തോതിൽ മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്.<br><br>ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിംഗ് റോഡ് മുതലായവ വിഭാവനം ചെയ്ത് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മൂലമുള്ള നേട്ടങ്ങൾ പരമാവധി ഈ മേഖലയിൽ പ്രയോജനപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. സർക്കാരിന്റെ CRDP പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. |
| (സി) | നാളിതുവരെ എത്ര കപ്പലുകൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് വന്നിട്ടുണ്ട്; ഇതിലൂടെ സംസ്ഥാന സർക്കാരിന് നികുതി ഇനത്തിൽ എത്ര രൂപ സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | നാളിതുവരെ 19 കപ്പലുകൾ വിഴിഞ്ഞം തുറമുഖത്തിലെത്തുകയുണ്ടായി. 60503 കണ്ടെയ്നറുകൾ (TEU) തുറമുഖത്തിൽ കൈകാര്യം ചെയ്യുകയും നികുതി ഇനത്തിൽ 4.7 കോടി രൂപ സർക്കാരിന് ലഭിക്കുകയുമുണ്ടായി. |
| (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് അനുബന്ധമായി എന്തൊക്കെ വികസന പദ്ധതികളാണ് പ്രദേശത്ത് ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്; | (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പദ്ധതി പ്രദേശത്തെ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനും മുന്തിയ പരിഗണന നൽകിയാണ് സർക്കാർ തുറമുഖ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ |

ഭാഗമായി ചുവടെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും സർക്കാർ നടപ്പിലാക്കുന്നത്.

**<u>നിലവിലെ മത്സ്യബന്ധന തുറമുഖ നവീകരണവും പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണവും</u>**

ആധുനിക രീതിയിലുള്ള മത്സ്യബന്ധന തുറമുഖം വിഴിഞ്ഞത്ത് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററും തുറമുഖ സൗകര്യങ്ങളും CWPRS ന്റെ പഠന റിപ്പോർട്ടിനനുസരണമായി തുടർ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോട് കൂടിയും ആവശ്യമായ അധിക ഫിഷ് ലാന്റിംഗ് സൗകര്യങ്ങളും, ബർത്തുകളും, അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുവാനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി രണ്ട് പദ്ധതികൾ തയ്യാറാക്കി PMMSY അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**<u>സീഫുഡ് പാർക്ക്</u>**

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുത്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>നൈപുണ്യ വികസന പരിശീലന കേന്ദ്രം</u>**

കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചു കഴിഞ്ഞു. വിവിധ തൊഴിലുകളിൽ തൊഴിലന്വേഷകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി പ്രദേശവാസികൾക്ക് മുൻഗണന നൽകി തുറമുഖാനുബന്ധ തൊഴിൽ പരിശീലനം ഈ കേന്ദ്രം മുഖേന നൽകി വരുന്നുണ്ട്.

തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ തദ്ദേശീയരെയും കൺസഷണയറായ AVPPL പരിഗണിച്ചു വരുന്നുണ്ട്. തുറമുഖ നിർമ്മാണ പൂർത്തീകരണത്തിനുശേഷം തുറമുഖത്തിന്റെ പ്രവർത്തന കാലയളവിലും വലിയതോതിൽ തൊഴിലവസരങ്ങൾ

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കപ്പെടുന്നതാണ്. കൂടാതെ, തുറമുഖാനുബന്ധ വികസനം സാദ്ധ്യമാകുന്നതോടെ വിവിധ വ്യവസായ ശാലകൾ സ്ഥാപിക്കപ്പെടുകയും ഇതിലൂടെ തൊഴിലന്വേഷകർക്ക് മുന്നിൽ പുത്തൻ വാതായനങ്ങൾ തുറക്കപ്പെടുകയും ചെയ്യും. |
| (ഇ) | മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്രാദേശിക ജനവിഭാഗങ്ങൾക്കുകൂടി പ്രയോജനം ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പദ്ധതി പ്രദേശത്തെ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനും മുന്തിയ പരിഗണന നൽകിയാണ് സർക്കാർ തുറമുഖ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ചുവടെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും സർക്കാർ നടപ്പിലാക്കുന്നത്.<br><br>**<u>നിലവിലെ മത്സ്യബന്ധന തുറമുഖ നവീകരണവും പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണവും</u>**<br><br>ആധുനിക രീതിയിലുള്ള മത്സ്യബന്ധന തുറമുഖം വിഴിഞ്ഞത്ത് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററും തുറമുഖ സൗകര്യങ്ങളും CWPRS ന്റെ പഠന റിപ്പോർട്ടിനനുസരണമായി തുടർ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോട് കൂടിയും ആവശ്യമായ അധിക ഫിഷ് ലാന്റിംഗ് സൗകര്യങ്ങളും, ബർത്തുകളും, അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുവാനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി രണ്ട് പദ്ധതികൾ തയ്യാറാക്കി PMMSY അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>**<u>സീഫുഡ് പാർക്ക്</u>**<br><br>തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുത്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>നൈപുണ്യ വികസന പരിശീലന കേന്ദ്രം</u>**<br><br>കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചു കഴിഞ്ഞു. വിവിധ തൊഴിലുകളിൽ തൊഴിലന്വേഷകരുടെ പ്രാവീണ്യം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനായി പ്രദേശവാസികൾക്ക് മുൻഗണന നൽകി തുറമുഖാനുബന്ധ തൊഴിൽ പരിശീലനം ഈ കേന്ദ്രം മുഖേന നൽകി വരുന്നുണ്ട്.<br><br>തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ തദ്ദേശീയരെയും കൺസഷണയറായ AVPPL പരിഗണിച്ചു വരുന്നുണ്ട്. തുറമുഖ നിർമ്മാണ പൂർത്തീകരണത്തിനുശേഷം തുറമുഖത്തിന്റെ പ്രവർത്തന കാലയളവിലും വലിയതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. കൂടാതെ, തുറമുഖാനുബന്ധ വികസനം സാദ്ധ്യമാകുന്നതോടെ വിവിധ വ്യവസായ ശാലകൾ സ്ഥാപിക്കപ്പെടുകയും ഇതിലൂടെ തൊഴിലന്വേഷകർക്ക് മുന്നിൽ പുത്തൻ വാതായനങ്ങൾ തുറക്കപ്പെടുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പ്രധാന ഘടകം | ആകെ അളവ് | 30-08-2024 വരെയുള്ള പുരോഗതി | പുരോഗതി (ശതമാന കണക്കിൽ) |
|---|---|---|---|
| റിക്ലമേഷൻ | 61.374 ഹെക്ടർ | • റിക്ലമേഷൻ പ്രവൃത്തികൾ പൂർത്തിയായി.<br>• ഭാവി ഘട്ടങ്ങൾക്കായി 2.055 ഹെക്ടർ ഭൂമി കൂടി അധികമായി നികത്തിയെടുത്തിട്ടുണ്ട്. | 100% |
| ഡ്രഡ്ജിംഗ് | എക്സ്റ്റീരിയർ അപ്രോച്ച് ചാനൽ : 20.8 മീറ്റർ ആഴം<br><br>ഇന്നർ അപ്രോച്ച് ചാനൽ : 18.4 മീറ്റർ ആഴം<br><br>ടേണിംഗ് സർക്കിൾ : 18.4 മീറ്റർ ആഴം<br><br>ബെർത്ത് പോക്കറ്റ് : 18.4 മീറ്റർ ആഴം | ഔട്ടർ, ഇന്നർ അപ്രോച്ച് ചാനലുകൾ, ടേണിംഗ് സർക്കിൾ, ബെർത്ത് പോക്കറ്റ് എന്നിവ ഡ്രഡ്ജ് ചെയ്ത് ആവശ്യമായ ആഴം കൈവരിച്ചിട്ടുണ്ട്. | |
| ബ്രേക്ക് വാട്ടർ | 2960 മീറ്റർ നീളം | **കോർ** :പൂർത്തിയായി.<br><br>**ആർമർ ലെയർ** : പൂർത്തിയായി (ചെയിനേജ് 100 മീറ്ററിനും 676 മീറ്ററിനും ഇടയിലുള്ള 436 മീറ്റർ ഒഴികെ)<br><br>**അക്രോപോഡ് ലെയർ** : (ചെയിനേജ് 676 മീറ്റർ മുതൽ 2959 മീറ്റർ വരെ) ഏറ്റവും മുകളിലെ മൂന്ന് വരി അക്രോപോഡുകളുടെ പ്ലേസ്മെൻറ് ഒഴികെ ബാക്കിയുള്ളവ പൂർത്തീകരിച്ചിട്ടുണ്ട്.<br>**വേവ് വാൾ** ആകെയുള്ള 2499 മീറ്ററിൽ 1300 മീറ്ററിന്റെ നിർമ്മാണം പൂർത്തിയായി. | 86% |
| കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 53 മീറ്റർ | നിർമ്മാണ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. | 98% |
| കെട്ടിടങ്ങൾ | 35 എണ്ണം | **പൂർത്തീകരിച്ചത്** : ഓപ്പറേഷൻ | 94% |

| | | | |
|---|---|---|---|
| | | ബിൽഡിംഗ്, RMU റൂം & വാർഫ് റൂം, വർക്ക്ഷോപ്പ് & സ്റ്റോർ, ഫ്യുവൽ സ്റ്റേഷൻ, ക്യാൻറീൻ, ഇൻ & ഔട്ട് ഗേറ്റ് കോംപ്ലക്സ്, ടെസ്റ്റിംഗ് റൂം & കസ്റ്റംസ് ചെക് പോയിന്റ് സെക്യൂരിറ്റി ബിൽഡിംഗ്, പോർട്ട് സബ് സ്റ്റേഷൻ, ഇലക്ട്രിക്കൽ ഡി.ജി ഷെഡ്, മെയിൻ പാർക്കിങ് ഷെഡ്,<br><br>**പുരോഗമിക്കുന്നവ** : പോർട്ട് യൂസർ & കസ്റ്റംസ് ബിൽഡിംഗ്, ഫയർ ടെണ്ടർ, ആംബുലൻസ്, ഫ്യുവൽ ബൗസർ പാർക്കിംഗ് ഷെഡ്, റെസ്റ്റ് റൂം, ഫയർ ഫൈറ്റിങ് ആൻറ് പോർട്ടബിൾ വാട്ടർ ടാങ്ക് & പമ്പ് ഹൗസ്, OCR പോർട്ടൽ, ഇൻ ഗേറ്റ് ആക്സസ് കൺട്രോൾ ഷെഡ്, കണ്ടെയ്നർ സ്കാനർ ബിൽഡിങ്. | |
| കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ (920 മീറ്റർ x 330 മീറ്റർ) | യാർഡിന്റെ ഏകദേശം 600 മീറ്ററോളം പൂർത്തീകരിച്ചു. ബാക്കിയുള്ളതായി കണക്കാക്കുന്ന 300 മീറ്ററിന്റെ നിർമ്മാണം പുരോഗമിക്കുന്നു. | 86 % |
| പ്രോജക്ടിന്ആവശ്യമായ യന്ത്ര സാമഗ്രികൾ | ക്രെയ്നുകൾ : 32 എണ്ണം<br><br>4 ടഗ്ഗ് ബോട്ടുകൾ<br><br>2 മൂറിംഗ് ലോഞ്ചുകൾ<br><br>1 പൈലറ്റ് കം സർവ്വേ വെസ്സൽ. | **ക്രെയിനുകൾ** : 8 ഷിപ് ടു ഷോർ ക്രെയിനുകളും 23 യാർഡ് ക്രെയിനുകളും സ്ഥാപിച്ചു. ഒരു യാർഡ് ക്രെയ്ൻ ലഭ്യമാകാനുണ്ട്.<br><br>**ടഗ്ഗ് ബോട്ടുകൾ** : 4 എണ്ണത്തിൽ 2 എണ്ണം വിഴിഞ്ഞത്ത് എത്തിച്ചിട്ടുണ്ട്. മറ്റുള്ള 2 എണ്ണം കാട്ടുപ്പള്ളി, മുന്ദ്ര തുറമുഖങ്ങളിൽ പാർക്ക് ചെയ്തിരിക്കുകയാണ്.<br><br>**മൂറിംഗ് ലോഞ്ചുകൾ** : ഫാബ്രിക്കേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>**പൈലറ്റ് കം സർവ്വേ വെസ്സൽ** : തുറമുഖത്തിൽ ലഭ്യമായിട്ടുണ്ട്. | 91% |

സെക്ഷൻ ഓഫീസർ